# മരണമെന്ന കണ്ണാടി

● സമദ് കുന്നക്കാവ്

**മനുഷ്യജീവിതമെന്നത്** നാളെ ഉണ്ടാവുമെന്നുറപ്പില്ലാത്തൊരു പ്രഹേളിക മാത്രമാണ്. എന്നാൽ സംഭവിക്കുമെന്ന് ഉറപ്പുള്ള ഒരു യാഥാർഥ്യമാണ് മരണം. ഭയപ്പെടുന്നവരെയും ആഗ്രഹിക്കാത്തവരെയുമെല്ലാം അത് തേടിയെത്തുന്നു. എതിർക്കാനോ എതിരിടാനോ കഴിയാതെ ഏവരും മരണത്തിന് കീഴടങ്ങുന്നു.

മരണമെന്ന വാക്കിനോളം ഭയാനകവും അസ്വസ്ഥജനകവും രഹസ്യാത്മകവുമായ മറ്റൊന്നില്ല. ബന്ധുക്കളുമായും സുഹൃത്തുക്കളുമായും ബന്ധിപ്പിച്ചിരുന്ന ജീവിതമെന്ന ചരട് അതുമൂലം പൊട്ടിപ്പോകുന്നു. പോയ്പോയവർ തിരിച്ചെത്തി താന്താങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ച ചരിത്രമില്ല. ദൃഷ്ടി ഗോചരമല്ലാത്ത ലോകങ്ങൾ സമസ്യയായി നിലനിൽക്കെ ജനനവും മരണവും ദിനേന ആവർത്തിച്ച് കൊണ്ടിരിക്കുന്നു.

മരണത്തിന്റെ കൃത്യമായ സമയം പ്രവചിക്കുക സാധ്യമല്ല. പ്രതീക്ഷാ നിർഭരമായി കാത്തുകിടക്കുന്നവരെ പല്ലിളിച്ച് കാട്ടി, വൻ മരങ്ങളെ കടപുഴക്കി അത് കടന്നുപോകുന്നു. സുനിശ്ചിതവും ആത്യന്തികവുമായ എന്തോ അതിലുണ്ട്. എത്രയും സുനിശ്ചിതമായ മരണത്തിന്റെ അനിശ്ചിതത്വമാണ് അതിന്റെ ഭയാനകത വർധിപ്പിക്കുന്നത്. മരണത്തിൽനിന്നും വളരെയകലെയാണെന്ന വ്യാമോഹങ്ങൾക്ക് കടന്നുപോയ ആയുസ്സ് തിട്ടപ്പെടുത്തുമ്പോൾ ഇടിവ് സംഭവിക്കുന്നു. വളർന്ന് കൊണ്ടിരിക്കുമ്പോൾ തന്നെ നാം മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നതാണ് വസ്തുത. ദേഹി ദേഹത്തെ ഉപേക്ഷിച്ച് യാത്രയാവുന്ന അന്തിമ ഘട്ടത്തിനു മുമ്പ് നമ്മുടെ ശരീരം ഒരുപാട് ചെറു മരണങ്ങളിലൂടെ കടന്നു പോകുന്നുണ്ട്. നമ്മുടെ കൊഴിയുന്ന പല്ലുകൾ, മുടികൾ, നശിച്ചു കൊണ്ടിരിക്കുന്ന കോശങ്ങൾ, ശരീരത്തോട് പറയുന്നത് ഞങ്ങളെ പോലെ നീയും ആത്മാവിനോട് വേർപെടേണ്ടവനാണ് എന്നാണ്.

എല്ലാം സുരക്ഷിതം, ഇനിയും ഒരുപാട് ഭാവിയുണ്ട് എന്ന ആത്മവിശ്വാസങ്ങൾ അടിപതറി മരണക്കിടക്കയിലേക്ക് വീണു പോവുന്നത് നാം കാണുന്നു. നാവിന്റെ രുചി നഷ്ടപ്പെട്ട്, ശാരീരിക തൃഷ്ണകൾ അണഞ്ഞ്, സന്ധികൾ ദുർബലമായി, ആരോഗ്യവാനായിരിക്കെ സുഗന്ധ തൈലങ്ങൾ പൂശി വാസനസോപ്പുകൾ തേച്ച് കുളിച്ച് പുതുവസ്ത്രങ്ങളാൽ പൊതിഞ്ഞ് ഇണകളെ മോഹിപ്പിച്ച് നടന്ന ശരീരമാണോ ഇതെന്ന് മരണാസന്ന ശരീരം കാണുമ്പോൾ ആരും അതിശയിച്ച് പോവും.

മനുഷ്യരിൽ ചിലർ മരണോന്മുഖരാണ്; മരണത്തെക്കുറിച്ചാണ് അവർ ചിന്തിക്കുന്നത്. ചിലർ സൂര്യവെളിച്ചത്തിലേക്കുള്ള സൂര്യകാന്തിയുടെ ചാഞ്ചാട്ടം പോലെ നശ്വര ജീവിതത്തിന്റെ പളപളപ്പിൽ ആകൃഷ്ടരാവുന്നു. ആദ്യത്തെ കൂട്ടർ അപരിഹാര്യമായ ദുരന്തമായ്, ദൈവേഛയാൽ നിർണയിക്കപ്പെടുന്ന ആകസ്മികതയായ്, ഭയവും ഉത്കണ്ഠയും വേദനയും പ്രഹേളികയുമായി മരണത്തെ ദാർശനികവൽക്കരിക്കുന്നു. എന്നാൽ മരണത്തിലേക്കുള്ള എത്തിനോട്ടത്തിന് അവർക്ക് പ്രേരണയാകുന്നത് ഈദൃശ ഭയാശങ്കകൾക്കപ്പുറം നിഗൂഢമാകും തോറും അടുത്ത് ചെല്ലാൻ പ്രേരിപ്പിക്കുന്ന മറ്റെന്തോ പ്രലോഭനങ്ങൾ കൂടിയാണ്.

മൃത്യുബോധത്തിന്റെ ഭീതിത താളുകളിൽനിന്ന് പാഠമുൾക്കൊണ്ടാണ് മനുഷ്യൻ പരിണാമങ്ങൾക്ക് വിധേയനാകുന്നത്. ആഘോഷിക്കപ്പെടുകയും സ്മാരകവൽക്കരിക്കപ്പെടുകയും ചെയ്യുന്ന ഉന്നതരുടെ വിടവാങ്ങൽ മുതൽ ജീവിത രേഖകൾ കോറിയിടാത്ത അന്ത്യങ്ങൾ വരെ മറ്റുള്ളവർക്കായി എന്തെങ്കിലും സന്ദേശങ്ങൾ അവശേഷിപ്പിക്കുന്നു. അതിനാൽ ആരും തന്നെ വെറുതെ മരിച്ച് പോകുന്നില്ല.

## മരണത്തെക്കുറിച്ചുള്ള ബോധം

'മൃത്യു ഉള്ളവൻ' എന്നാണ് മർത്യൻ എന്ന വാക്കിന്റെ അർഥം. ഇതര സസ്യ-മൃഗാദികൾക്കെല്ലാം മൃത്യു ഉണ്ടെന്നിരിക്കെ അവയൊന്നും മർത്യരാകാത്തതിന്റെ കാരണം അവക്കൊന്നും മൃത്യുബോധമില്ലായെന്നതാണ്. ജീവിതത്തിന്റെ മുഖം നോക്കാൻ മരണത്തേക്കാൾ തെളിഞ്ഞ ഒരു കണ്ണാടി വേറെയില്ല. അതിനാൽ ഇഹലോക ജീവിതം മെച്ചപ്പെടുത്താൻ മൃത്യുബോധം സദാ മനുഷ്യരോടൊപ്പമുണ്ടായിരിക്കണമെന്നതാണ് ഖുർആന്റെ ശാസന. 'എല്ലാ ഭൗതിക പരിശ്രമങ്ങളും തകർത്തു കളയുന്ന മരണത്തെക്കുറിച്ചുള്ള സ്മരണ നിങ്ങൾ വിർധിപ്പിക്കുവിൻ' എന്ന് പ്രവാചകൻ പറഞ്ഞതും വെറുതെയല്ല. ദിവസത്തിൽ എഴുപതിലധികം തവണ മരണത്തെക്കുറിച്ച് ചിന്തിച്ചിരുന്നു പ്രവാചകൻ.

മനുഷ്യൻ ഓർക്കാതിരിക്കാൻ ശ്രമിക്കുന്ന യാഥാർഥ്യങ്ങളിൽ കാഠിന്യമേറിയതാണ് മരണം. അതിനേക്കാൾ സുനിശ്ചിതമായി മറ്റൊന്നില്ലെങ്കിലും അതെക്കുറിച്ച് ചിന്തിക്കാൻ അധികപേരും ആഗ്രഹിക്കുന്നില്ല. മരിക്കുന്നവൻ മാത്രമല്ല മരണം കണ്ടുനിൽക്കുന്നവരും വേദനിക്കുന്നുണ്ട്. മരണത്തിന്റെ കാലൊച്ച ഭാവനയിൽ കണ്ടാൽ പോലും നമ്മിൽ വേദന മുളപൊട്ടുന്നുവെങ്കിൽ അത് യാഥാർഥ്യമായി വന്നണയുമ്പോൾ വേദന എത്രത്തോളമായിരിക്കും? മരണാസന്ന വേളയിൽ നെറ്റിത്തടത്തിൽ നിന്നുതിർന്ന വിയർപ്പുകണങ്ങൾ തുടച്ച്, 'സുബ്ഹാനല്ലാഹ്, മരണത്തിന് തീർച്ചയായും വേദനയുണ്ട്. നാഥാ മരണവേദന എനിക്ക് ലഘൂകരിച്ച് തരേണമേ' എന്ന് പ്രവാചകൻ പ്രാർഥിച്ചു. നിശ്വാസം നിലക്കേണ്ട താമസം സ്വർഗപൂങ്കാവനത്തിൽ എത്തിപ്പെടുന്ന പ്രവാചക പുംഗവൻ അനുഭവിച്ചത് ഇത്തരത്തിലാണെങ്കിൽ നമ്മുടേത് എത്രമാത്രം ഭീകരമാകും.

ജനനത്തെ നാം ക്രിയാത്മകമായി കാണുമെങ്കിലും, മരണം അങ്ങനെയല്ല നമ്മുടെ മനോമണ്ഡലങ്ങളിൽ ഇരിപ്പുറപ്പിക്കാറ്. അതിനെന്തോ പിഴവുള്ളതുപോലെ. ജനനം ആനന്ദദായകവും മരണം ദുഃഖമയമാകുന്നതും ഈ മനോഭാവം കൊണ്ടത്രെ.

മുമ്പ് പല ജന്മങ്ങളുണ്ടായിരുന്നുവെന്നും മരണാനന്തരം പുതിയ രൂപത്തിൽ ജീവിതത്തിലേക്ക് മടങ്ങിവരുന്നുവെന്നുമുള്ള ദാർശനികവൽക്കരണം മരണഗൗരവം ഒട്ടൊക്കെ കുറക്കാൻ സഹായിക്കുന്നുണ്ട്. ഈ വിശ്വാസ പ്രകാരം വ്യക്തി കടന്നുപോകുന്ന അനേകം മരണങ്ങളിൽ ഒന്നുമാത്രമാണ് ഇപ്പോഴുള്ള മരണം. ഭൂമിയിൽ മനുഷ്യനെന്ന നിലയിലുള്ള ഏകജന്മം ശരീരം വെടിയുന്നതോടെ തിരിച്ചുകിട്ടാൻ അവസരമില്ലെന്ന് ചിന്തിക്കുന്നവർക്ക് മരണം ഭയാനകത വിതറുന്ന ഒരു ഉൾക്കാടാണ്. ആസ്വദിക്കാനുള്ള ജീവിതത്തെ മരണം തങ്ങളിൽനിന്ന് തട്ടിപ്പറിക്കുകയാണെന്ന് നിരാശപ്പെടുന്നവർക്ക് കാര്യം ഒന്നുകൂടി ഭീകരമാകും.

മരണം മനുഷ്യകഥയുടെ അവസാന മുഹൂർത്തമായതിനാൽ ജനനമരണങ്ങൾക്കിടയിലെ ജീവിതമെന്ന പ്രതിഭാസം മാത്രമാണ് പരിഗണനീയമെന്നും അതിനാൽ മരണത്തെ ദാർശനികവൽക്കരിക്കുന്ന സമസ്ത ചിന്തകളും ജീവിതത്തെ നിഷേധിക്കുകയാണ് ചെയ്യുന്നതെന്നുമാണ് മതേതരരുടെ വാദം. മരണാനന്തര ജീവിതത്തിന്റെ സാക്ഷാത്കാരം സംഭവിക്കുന്നത് മതങ്ങൾ പരേതാത്മാക്കൾക്ക് സംവരണം ചെയ്യുന്ന പരലോകത്തു വെച്ചല്ലെന്നും പ്രത്യുത ജീവിതം തളിർക്കുന്ന ഇഹലോകത്തു വെച്ചാണെന്നും അതിനാൽ മരണത്തെ പോലും ജനോപകാരപ്രദമാക്കാനുള്ള വഴികളാണ് അന്വേഷിക്കേണ്ടതെന്നും അവർ പറയുന്നു. മൃതദേഹത്തെ ദഹിപ്പിക്കുന്നതാണോ മറവ് ചെയ്യുന്നതാണോ നല്ലതെന്ന ശിഷ്യന്റെ ചോദ്യത്തിന് ശ്രീനാരായണ ഗുരു ഉത്തരമേകിയത് 'ചക്കിലാട്ടി വളമായെടുത്ത് കൃഷിക്കുപയോഗിക്കുന്നതല്ലേ നല്ലത്? എന്ന എതിർ ചോദ്യത്തിലൂടെയായിരുന്നു. 'അയ്യോ സ്വാമീ, അത് സങ്കടകരമാണ്' എന്ന് പ്രതികരിച്ച ശിഷ്യനോട് 'എന്താ, നോവുമോ?' എന്ന ഗുരുവിന്റെ പരിഹാസത്തിൽ ഈ അന്വേഷണം നിഴലിക്കുന്നുണ്ട്.

ജീവിതം മരണത്തിലേക്കും മരണം നിത്യമായ ശൂന്യതയിലേക്കും നയിക്കുകയാണെങ്കിൽ പിന്നെന്തിന് ജീവിതത്തെ കർമോത്സുകമാക്കണം? ആദർശങ്ങളും പ്രത്യയ ശാസ്ത്രങ്ങളും ത്യാഗവും രക്തസാക്ഷ്യവുമെല്ലാം അപ്പോൾ തനി മൗഢ്യവും നഷ്ടക്കച്ചവടവുമായിത്തീരില്ലേ? സേവനത്തിന്റെയും സംഹാരത്തിന്റെയും അപാര സാധ്യതകളുള്ള മനുഷ്യജീവിതം ഇതര സൃഷ്ടികളെ പോലെ ചത്തൊടുങ്ങി ശൂന്യതയിൽ മറയുകയാണെങ്കിൽ ജീവിതം നിരർഥകമായ ഒരേർപ്പാടാവുകയില്ലേ? 'മനുഷ്യൻ വിചാരിക്കുന്നുവോ അവൻ വെറുതെയങ്ങ് ഉപേക്ഷിക്കപ്പെടുമെന്ന്' (75:36) എന്ന ഖുർആൻവാക്യം മനുഷ്യ സൃഷ്ടിപ്പിന്റെയും ജീവിതത്തിന്റെയും അനന്ത സാധ്യതകൾ എടുത്ത് കാട്ടുന്നതാണ്.

അനുഭവങ്ങൾ അവസാനിച്ച് പോകുന്ന അവസ്ഥയായല്ല മരണത്തെ ഖുർആൻ ചിത്രീകരിക്കുന്നത്. ജീവിതാനുഭവങ്ങളുടെ പിന്നിലുള്ള അദൃശ്യത്തിന്റെ മറ ഉയർത്തുന്ന മഹാസംഭവമായാണ്. മനുഷ്യ കർമങ്ങളുടെ പ്രതിഫലനങ്ങൾ തികവുറ്റ രീതിയിൽ അനുഭവവേദ്യമാകുന്നത് മരണമെന്ന തിരശ്ശീല ഉയർത്തപ്പെടുന്നതോടെയാണ്. തന്നിമിത്തം സൽകർമികൾക്ക് മരണം ആശ്വാസകരമാവുമെന്ന വിലയിരുത്തലിൽ കെട്ടിക്കുടുക്കുകളില്ല. മരണവേദനയാൽ ഞെളിപിരികൊള്ളുന്ന പ്രവാചകനോട് താങ്കൾ വല്ലാതെ പ്രയാസപ്പെടുന്നുവെന്ന് പറഞ്ഞു കരഞ്ഞ ഫാത്വിമയോട് 'നിന്റെ പിതാവിന്റെ എല്ലാ പ്രയാസങ്ങളും ഇതോടുകൂടി അവസാനിക്കുകയാണ്' എന്ന് സമാശ്വസിപ്പിച്ച വാക്കുകൾ ഈ യാഥാർഥ്യത്തെ ബലപ്പെടുത്തുന്നു.

മരണവും മരണാന്തര ജീവിതവും അടയാളപ്പെടുത്താൻ വിശുദ്ധ ഖുർആൻ വലിയൊരു ഭാഗം മാറ്റിവെച്ചിരിക്കുന്നു. ഭൗതിക ജീവിതത്തെ ഭംഗിയായും വിജയകരമായും ക്രമപ്പെടുത്തുന്നതിനു വേണ്ടിയാണിത്. ആത്മാവും ശരീരവും ഒത്തുചേർന്ന മനുഷ്യനിൽ ജഡികേഛകൾക്കും ആസക്തികൾക്കും അധീശത്വം കൈവരാറുണ്ട്. അവ മോഹങ്ങളേയും ആഗ്രഹങ്ങളേയും ഉദ്ദീപിപ്പിച്ച് പെരുത്ത് നേടുകയെന്ന ഏക ലക്ഷ്യത്തിലേക്ക് മനുഷ്യകർമങ്ങളെ കേന്ദ്രീകരിക്കുന്നു. ഇതഃപര്യന്തമുള്ള ദർശനങ്ങളും നാഗരികതകളും മനുഷ്യന്റെ ആർത്തിക്ക് മുന്നിലാണ് കീഴടങ്ങിയത്. ആർത്തിയെ പൂവണിയിക്കാനുള്ള ത്വരയാണ് സമകാലിക ലോകത്തിന്റെ സന്തുലിതത്വത്തെയും ആവാസ വ്യവസ്ഥകളെയും കീഴ്മേൽ മറിച്ചത്. എന്നാൽ മൃത്യുബോധം മോഹത്തേയും ആർത്തിയേയും വേർതിരിച്ച് മനസ്സിലാക്കാൻ മനുഷ്യനെ സഹായിക്കുന്നു. അവാച്യമായ ഉൾക്കരുത്തും ശുഭാപ്തി വിശ്വാസവും സഹന ശക്തിയും മരണസ്മരണയിലൂടെ മനുഷ്യൻ ആർജിക്കുന്നു. മരണാനന്തര വിശ്വാസം വളർന്ന് ദൃഢബോധ്യത്തിലെത്തിച്ചേർന്നവർക്കേ ജീവിത വിജയം കൈവരിക്കാനാവൂ എന്നും ഖുർആൻ പറയുന്നുണ്ട്.

മരിക്കുമെന്ന് ഭംഗിവാക്ക് പറയാറുണ്ടെങ്കിലും അമർത്യരാണെന്ന ഭാവത്തിലാണ് നമ്മുടെ ജീവിതം. ജീവിക്കുമ്പോൾ മരണമില്ലാത്തവരെപോലെ നാം ജീവിക്കുന്നു. എന്നാൽ മരണസ്മരണ നെഞ്ചിലേറ്റുമ്പോഴാണ് നമ്മുടെ പ്രവർത്തനങ്ങൾക്ക് സ്ഥിരത കൈവരുന്നത്. സക്രിയനായി നിലകൊള്ളാനും പരിമിതമായ സമയം നിർമാണാത്മകമായി ഉപയോഗിക്കാനും മരണം നിരന്തരം ഓർമപ്പെടുത്തുന്നു. ■